കാര്യത്തിൽ ഭൂമി തിരികെ എടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

പുറമ്പോക്ക് ഭൂമി പച്ചക്കറി കൃഷിക്ക് വിട്ടുകൊടുക്കാൻ നടപടി

116 (3142)ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ താല്ക്കാലിക വിളകളുടെ കൃഷിക്കനുയോജ്യമായ റവന്യൂ പുറമ്പോക്ക് ഭൂമി പച്ചക്കറി കൃഷിക്ക് ഭൂരഹിത കർഷകരുടെ സഹകരണ സംഘങ്ങൾക്ക് വിട്ടുകൊടുക്കുവാനുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കുമോ;

(ബി) സർക്കാർ ഉടമസ്ഥതയിലും കൈവശത്തിലുമുള്ള റവന്യൂ ഭൂമിയിൽ നിന്നും വരുമാനം ലഭിക്കുവാനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിൽ ഇല്ല.

(ബി) കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം റവന്യൂ ഭൂമി പാട്ടത്തിന് നൽകിയും, പതിവിന് അനുയോജ്യമായ പുറമ്പോക്ക് ഭൂമി പതിവു ചട്ടങ്ങൾ പ്രകാരം വില ഈടാക്കി പതിച്ചു നൽകുന്നുമുണ്ട്.

വയനാട് ജില്ലയിലെ ഡെപ്യൂട്ടി കളക്ടർ ഓഫീസ് നിർത്തലാക്കിയതുമൂലം പട്ടയം ലഭിക്കുന്നില്ലെന്ന പരാതി

117 (3150)ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ അമ്പലവയൽ ഡെപ്യൂട്ടി കളക്ടർ ഓഫീസ് നിർത്തലാക്കിയതുമൂലം പട്ടയം ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അപേക്ഷകർക്ക് യഥാസമയം പട്ടയം ലഭിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) പട്ടയം നൽകുന്ന കാര്യത്തിൽ കാലതാമസം ഉണ്ടാവുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

II. അടിയന്തിര പ്രമേയം

തിരുവനന്തപുരം പാറ്റൂരിൽ ഉണ്ടായ അക്രമങ്ങൾ

[9.30 A.M.]

മി. സ്പീക്കർ : ഇന്നലെ തിരുവനന്തപുരം നഗരത്തിൽ പാറ്റൂർ ജംഗ്ഷന് സമീപമുണ്ടായ അക്രമസംഭവങ്ങളെത്തുടർന്നുളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം

LIBRARY ARCHIVES Kerala Legislative Assembly

സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. തമ്പാനൂർ രവി, ശ്രീ. സി.ടി. അഹമ്മദ് അലി, ശ്രീ. ജോണി നെല്ലൂർ, ശ്രീ. തോമസ് ചാഴികാടൻ എന്നീ അംഗങ്ങൾ ചട്ടം 50 അനുസരിച്ച് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, തിരുവനന്തപുരം ജില്ലയിലെ അമ്പലത്തുമുക്കിലെ പവിത്ര നിവാസിലെ ആർ.സി. മഹേശ്വരിയമ്മയും അമ്പലത്തുമുക്കിൽ ഇന്ദ്രദേവനുമായി ഒരു വസ്തുതർക്കവും അതിനെത്തുടർന്ന് സിവിൽ ക്രിമിനൽ കേസുകളും നടന്നുവരുകയാണ്. ശ്രീമതി മഹേശ്വരിയമ്മയ്ക്ക് ബഹു. ഹൈക്കോടതിയുടെ ഉത്തരവനുസരിച്ച് പോലീസ് സംരക്ഷണം നൽകിവരുന്നുണ്ട്. ഇരുവിഭാഗങ്ങളും തമ്മിൽ വസ്തുതർക്കം കാരണം വിരോധത്തിലാണ്. ഇന്നലെ പകൽ 2.00 മണിക്ക് പരസ്പരം അക്രമം നടത്തിയ സംഭവമുണ്ടായിട്ടുണ്ട്. തിരുവനന്തപുരം വഞ്ചിയൂരിലെ പാറ്റൂർ എന്ന സ്ഥലത്ത് ഓയിൽ കച്ചവടം നടത്തുന്ന മഹേശ്വരിയമ്മയുടെ മക്കളായ ഷാജികുമാർ, ബിജുകുമാർ, സജികുമാർ ഇവരുടെ അച്ഛൻ പവിത്രൻ എന്നിവരെ ഒരു സംഘം ആളുകൾ ഇന്നലെ പകൽ രണ്ടുമണിയോടുകൂടി വെട്ടി പരിക്കേൽപ്പിക്കുകയും കടയ്ക്ക് നാശനഷ്ടം വരുത്തുകയും ചെയ്തു. അതേത്തുടർന്ന് പാറ്റൂരിലുള്ള ജില്ലാ സഹകരണ ബാങ്കിന് മുൻവശം വച്ച് ബാബു, ദീപു എന്നിവർ സഞ്ചരിച്ചിരുന്ന സ്കൂട്ടറിന്റെ പുറകിൽ സജികുമാറും മറ്റു രണ്ടുപേരും ചേർന്ന് ജീപ്പ് കൊണ്ടിടിച്ച് പരിക്കേൽപ്പിച്ചു. ഇതേത്തുടർന്ന് അബോധാവസ്ഥയിലായ ദീപുവിനെ മെഡിക്കൽകോളേജ് ആശുപത്രിയിൽ ചികിത്സക്കായി പ്രവേശിപ്പിച്ചു. തുടർന്ന് ഷാജി എന്നയാളുടെ നേതൃത്വത്തിൽ വഞ്ചിയൂർ ജംഗ്ഷനിലുള്ള ഡി.വൈ.എഫ്.ഐ. സ്വാഗതസംഘം ഓഫീസിൽ അതിക്രമിച്ചു കയറുകയും ഡി.വൈ.എഫ്.ഐ. പ്രവർത്തകനായ ഹരിപ്രസാദിനെ വെട്ടിക്കൊല്ലാൻ ശ്രമിക്കുകയും ചെയ്തു. ഓഫീസ് ഉപകരണങ്ങൾ തല്ലിത്തകർക്കുകയും ചെയ്തു. ഈ സംഭവങ്ങളെത്തുടർന്ന് വഞ്ചിയൂർ പോലീസ് സ്റ്റേഷനിൽ ക്രൈം 55/2000 ക്രൈം 56/2000, ക്രൈം 57/2000 നമ്പരായി മൂന്നു കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുകയാണ്. അക്രമത്തിനുപയോഗിച്ചിരുന്നതായി കണ്ടെത്തിയ കെ.എൽ.ഇ. 9712-ാം നമ്പർ ജീപ്പ് പോലീസ് കസ്റ്റഡിയിൽ എടുത്തിട്ടുണ്ട്. കേസിൽ പ്രതികളായ നാലു പേരെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. സംഭവസ്ഥലത്ത് ശക്തമായ പോലീസ് ബന്തവസ്സ് ഏർപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ സ്ഥലത്ത് സംഘർഷാവസ്ഥ നിലവിലില്ല. അക്രമങ്ങൾ അമർച്ച ചെയ്യുന്നതിനാവശ്യമായ എല്ലാ നടപടികളും പോലീസ് സ്വീകരിച്ചിട്ടുണ്ട്. സഭാനടപടികൾ നിർത്തിവച്ച് ചർച്ച നടത്തേണ്ട ആവശ്യമില്ല.

ശ്രീ. തമ്പാനൂർ രവി : സർ, കേരളത്തിലെ മുഖ്യമന്ത്രി തലസ്ഥാന നഗരിയിൽ നടന്ന സംഭവത്തിൽ പരസ്പര വിരുദ്ധമായി വസ്തുതകൾക്ക് നിരക്കാത്ത ഒരു സ്റ്റേറ്റ്മെന്റ് ഇവിടെ നടത്തിയത് വളരെ ഖേദകരമായിപ്പോയി. ആദ്യം ബഹു. മുഖ്യമന്ത്രിതന്നെ പറഞ്ഞു രണ്ട് കുടുംബങ്ങൾ തമ്മിലുള്ള വസ്തുതർക്കമാണെന്ന്. ആ സ്റ്റേറ്റ്മെന്റ് അവസാനിക്കുന്നത് ഡി.വൈ.എഫ്.ഐ.ക്കാരുടെ പേരിൽ കേസെടുത്തു എന്നാണ്. അപ്പോൾ ഇത് ചൂണ്ടിക്കാണിക്കുന്നതെന്താണ്? ബഹു. മുഖ്യമന്ത്രി തുടങ്ങിയതും അവസാനിപ്പിച്ചതും തമ്മിൽ വ്യത്യാസമുണ്ട്. ഈ പ്രശ്നത്തിന്റെ യഥാർത്ഥ സ്ഥിതിയെന്താണെന്ന് ഇത് കേട്ടുകൊണ്ടിരിക്കുന്നവർക്കെല്ലാം മനസ്സിലാകും. ഈ തലസ്ഥാന നഗരിയിൽ ഈ കേരളത്തിൽ ഇത് എത്ര സംഭവമായി? ഒന്നിനുപുറകേ ഒന്നായി

LIBRARY ARCHIVES Kerala Legislative Assembly

വരുകയല്ലേ? ഈ ഉണ്ടാകുന്ന സംഭവങ്ങളിൽ ഫലപ്രദമായ നടപടി അപ്പപ്പോൾത്തന്നെ സ്വീകരിച്ചിരുന്നുവെങ്കിൽ ഇതെല്ലാം ഒഴിവാക്കാമായിരുന്നു. ഇവിടെ ശ്രീ. പാലോട് രവി ഒരു അടിയന്തിരപ്രമേയം കൊണ്ടുവന്നു. ശ്രീ. ബി. വിജയകുമാർ ഒരു അടിയന്തിരപ്രമേയം കൊണ്ടുവന്നു. അപ്പോഴൊക്കെ ബഹു. മുഖ്യമന്ത്രി വളരെ ലാഘവത്തോടുകൂടി ഈ സഭയിൽ ഒരു മറുപടി പറഞ്ഞതല്ലാതെ ഒരു നടപടിയും സ്വീകരിക്കുന്നില്ല. കേരളത്തിൽ മുഖ്യമന്ത്രിയുടെ പാർട്ടിയിലെ ഒരു വിഭാഗം വിചാരിച്ചാൽ പോലീസ് നിഷ്ക്രിയരാണ്. ആർക്കും ആരേയും എപ്പോഴും വീടുകളിൽ കയറി തല്ലാം. അതുപോലെ മോഷണവും പിടിച്ചുപറയും വളരെ വർദ്ധിക്കുന്നു. ബഹു. മുഖ്യമന്ത്രി ഇന്നിവിടെ വാചാലമായി പ്രസംഗിക്കുമെന്ന് എനിക്കറിയാം. കേരളം ഇന്ന് കുറ്റകൃത്യങ്ങളിലും അതുപോലുള്ള നടപടികളിലും ഒന്നാം സ്ഥാനത്ത് നിൽക്കുകയാണ്. ഇത് നമുക്കൊക്കെ നാണക്കേടാണ്. നമ്മുടേത് സാക്ഷര കേരളമാണ്. ഇവിടെയുണ്ടാകുന്ന എല്ലാ കുറ്റങ്ങളിലും രാഷ്ട്രീയം കണ്ടുകൊണ്ട് അതിലൊരു വിഭാഗം ആളുകളിടപെട്ടുഇന്നതിന്റെ പേരിൽ പോലീസ് നൽകുന്ന സംരക്ഷണമാണ് ഇത്തരം സംഭവങ്ങൾ ആവർത്തിക്കാൻ കാരണം ബഹു. എനിക്ക് മുഖ്യമന്ത്രിയോട് ഒന്നേ പറയുവാനുള്ളൂ: അങ്ങ് ഭരിക്കുന്ന കേരളത്തിന്റെ ഭരണസിരാകേന്ദ്രമായ സെക്രട്ടേറിയറ്റിന്റെ മൂക്കിനുതാഴെ പാറ്റൂരിൽ വഞ്ചിയൂർ പോലീസ് സ്റ്റേഷനതിർത്തിയിൽ ഇത്തരത്തിൽ സംഭവമുണ്ടായിരിക്കുന്നു. ഇവിടെ ഒരു വീട്ടിൽ പട്ടാപ്പകൽ കയറി അമ്മയേയും മക്കളേയും നാട്ടുകാരേയും തല്ലിച്ചതച്ചിട്ട് അങ്ങ് ലാഘവത്തോടെയാണ് ഈ കാര്യങ്ങൾ കാണുന്നതെങ്കിൽ അങ്ങയുടെ ഈ സമീപനമാണ് കേരളത്തിലെ ലാ ആന്റ് ഓർഡർ മോശമാക്കുന്നതെന്നേ പറയുവാനുള്ളൂ. ഇന്നലെ ഉച്ചയ്ക്ക് രണ്ട് മണിക്ക് പാറ്റൂർ എന്ന സ്ഥലത്ത്, നഗരത്തിന്റെ ഹൃദയഭാഗത്ത് വി.വി. റോഡിലുള്ള പവിത്രന്റെ വസതിയിൽ മുപ്പതോളം ആളുകൾ മാരകായുധങ്ങളോടെ എത്തി പവിത്രന്റെ കടകളടിച്ചു തകർത്തു; 65 വയസ്സ് പ്രായമുള്ള പവിത്രനെ അടിച്ച് ക്രൂരമായി മർദ്ദിച്ച് പരിക്കേൽപ്പിച്ചു. അദ്ദേഹത്തിന്റെ മക്കളായ ജയകുമാർ, സജിത്കുമാർ, ഷാജികുമാർ എന്നിവരെ ക്രൂരമായി വെട്ടിപ്പരിക്കേൽപ്പിച്ചു. ആ വീട്ടിലുണ്ടായിരുന്ന പവിത്രന്റെ മകളെ അക്രമിക്കാൻ ശ്രമിച്ചു. പേടിച്ച് വീട്ടിൽ കയറി കതകടച്ച പവിത്രന്റെ ഭാര്യയേയും മകളേയും അക്രമികൾ അടച്ചിട്ട വാതിലിൽപ്പോയി മുട്ടിവിളിച്ചു, ആക്രോശിച്ചു വിളിച്ചു. ശക്തിയുള്ള വാതിലായിരുന്നതുകൊണ്ട് മുട്ടിയിട്ട് തുറക്കാത്തതുകൊണ്ട് അവർ രക്ഷപ്പെട്ടു. ഇല്ലെങ്കിൽ അവർക്കും പരിക്കുപറ്റുമായിരുന്നു. ഇതുപോലെ അന്ന് ഒരു വീടൊഴിയൽ കേസുമായി ബന്ധപ്പെട്ട് ഹൈക്കോടതി പവിത്രന്റെ വീട്ടുകാർക്ക് പോലീസ് പ്രൊട്ടക്ഷൻ കൊടുത്തു. സർ, കാര്യമെന്താണ്? അവിടെ അവർ വീട് വാടകയ്ക്ക് കൊടുത്തു. ആ വീട് ഒഴിയണമെന്നാവശ്യപ്പെട്ട് പവിത്രൻ അവിടെപ്പോയി സംസാരിച്ചിട്ടുണ്ട്. ആ വീട്ടിൽ താമസിക്കുന്ന ഇന്ദ്രകുമാർ എന്നുപറയുന്ന ആൾ വീടൊഴിയാൻ തയ്യാറായില്ലെന്നു മാത്രമല്ല വീട്ടുവാടകയും കൊടുത്തില്ല. ആ ഒറ്റ കാരണം കൊണ്ടാണ് പവിത്രന്റെ വീട് മൂന്ന് മാസങ്ങൾക്കുമുമ്പ് അക്രമിച്ചത്. അന്ന് ബഹളമുണ്ടായി. പരിക്കേറ്റു. അവർ വഞ്ചിയൂർ പോലീസ് സ്റ്റേഷനിൽ പരാതി കൊടുത്തു: ഞാൻ വീട് വാടകയ്ക്ക് കൊടുത്തു, ഇപ്പോൾ വീടൊഴിഞ്ഞുതരുന്നില്ല, വാടകയും തരുന്നില്ല, അയാൾക്ക് മാർക്സിസ്റ്റുകാർ വലിയ സഹായമാണ്. സ്ഥലത്തെ അറിയപ്പെടുന്ന മാർക്സിസ്റ്റുകാരനാണ്; എനിക്ക് നീതിവേണം. എന്റെ വീടുകയറി അക്രമിച്ചിരിക്കുകയാണ്. ഇതിന് നടപടിവേണം എന്ന് വഞ്ചിയൂർ പോലീസ് സ്റ്റേഷനിൽ പറഞ്ഞു. അവർ ഒരു നടപടിയുമെടുത്തില്ല. 1163/2010.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ പോലീസ് നടപടിയെടുക്കാത്തതിന്റെ പേരിൽ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. ഹൈക്കോടതി ഒരു പോലീസ് പ്രൊട്ടക്ഷൻ കൊടുക്കാൻ ഉത്തരവിട്ടു. ഇന്നലെ ഈ സംഭവം നടക്കുമ്പോൾ ഒരൊറ്റ പോലീസും അവിടെ ഉണ്ടായിരുന്നില്ല. ഉണ്ടായിരുന്നില്ലെന്ന് മാത്രമല്ല ഹൈക്കോടതി പോലീസ് പ്രൊട്ടക്ഷൻ കൊടുക്കാൻ പറഞ്ഞിട്ടും പോലീസിനുനേരെ കേസ് പോയ ഒറ്റക്കാരണംകൊണ്ട്, ഹൈക്കോടതി ഉത്തരവിട്ടിട്ടുപോലും, ഒരിക്കലും ആ വീട്ടിൽ പോലീസ് പ്രൊട്ടക്ഷൻ കൊടുത്തിട്ടേയില്ല. അദ്ദേഹം വായിച്ചത് തിരിച്ചാണ്. അതിനുശേഷം ഈ വീട്ടിൽപ്പോയി ഇന്നും കടകളെല്ലാം അടിച്ചു തകർത്ത് ജീപ്പിനെ അടിച്ചുതകർത്തു. ഈ പരിക്കേറ്റ ആളുകളേയുംകൊണ്ട് ജനറൽ ആശുപത്രിയിൽപോയി. അവിടെ എന്താണ് സംഭവിച്ചത് ആ ജനറൽ ആശുപത്രിയിൽ ചെന്നപ്പോൾ അവിടെവച്ച് വീണ്ടും അക്രമമുണ്ടായി. അരമണിക്കൂർ നേരം ആശുപത്രിയുടെ പ്രവർത്തനം സ്തംഭിച്ചു. അവിടെ രോഗികൾ, കൂട്ടിരുപ്പുകാർ, നഴ്സുമാർ, ഡോക്ടർമാർ ഇവരുടെ മുമ്പിൽ അക്രമികൾ താണ്ഡവനൃത്തമാടി. അവർ ചിതറിയോടി. അവിടെ സെക്യൂരിറ്റിക്കാർ നോക്കി നിന്നു. വഞ്ചിയൂർ പോലീസ് അവിടെപ്പോയില്ല. ഡോക്ടർമാർ ഭയന്ന് അവരെ മെഡിക്കൽകോളേജ് ആശുപത്രിയിൽ റഫർ ചെയ്തു. മെഡിക്കൽ കോളേജ് ആശുപത്രിയിൽ കൊണ്ടുപോയി. അവിടെ കാഷ്വാലിറ്റിയുടെ മുമ്പിൽ വച്ചും ആ അക്രമികൾ അവരെ മർദ്ദിച്ചു. അവസാനം മെഡിക്കൽ കോളേജ് പോലീസ് അവിടെയെത്തി അന്തരീക്ഷം ശാന്തമാക്കി. അപ്പോൾ വീട്ടിൽ കയറി. ആക്രമിക്കുക, അവിടെനിന്നും ആശുപത്രിയിൽ എത്തിയിട്ട് അവിടെയും രക്ഷയില്ല. എന്താണ് സിറ്റിയിൽ നടക്കുന്നത്? ഈ പറയുന്ന ഇന്ദ്രകുമാർ ഒരു ഗവൺമെന്റ് ഉദ്യോഗസ്ഥനാണ്. അയാൾ സ്ഥലത്തെ അറിയപ്പെടുന്ന ഒരു മാർക്സിസ്റ്റു പാർട്ടി പ്രവർത്തകനാണ്. ഒരുപാട് കേസിൽ അയാൾ പ്രതിയാണ്. അയാൾ വാദിയുംപ്രതിയുമായി നിരവധി പോലീസ് സിവിൽ, ക്രിമിനൽ കേസുകൾ നിലവിലുണ്ട്. ഡി.വൈ.എഫ്.ഐ.യുടെ സമ്മേളനത്തിൽ ബന്ധപ്പെട്ട് ഒരാഴ്ച മുമ്പ് ഈ വീട്ടിൽ പോയി നോട്ടീസ് കൊടുത്തു. സമ്മേളനത്തിന്റെ പണപ്പിരിവിനുവേണ്ടി. അന്നുതന്നെ പവിത്രൻ പറഞ്ഞു, ഞാൻ നിങ്ങൾക്ക് പണപ്പിരിവ് തരില്ല. കാരണം ഇന്ദ്രകുമാർ ഞങ്ങളുടെ ശത്രുവാണ്. ദയവായി നിങ്ങൾ വരരുതെന്ന് പറഞ്ഞു. അത് അറിഞ്ഞുവച്ചുകൊണ്ട് ഇന്നലെ പണപ്പിരിവ് കൊടുക്കില്ലെന്നു പറഞ്ഞിട്ടുപോലും ഈ ഇന്ദ്രകുമാറിന്റെ നേതൃത്വത്തിൽ 30-ഓളം അറിയപ്പെടുന്ന മാർക്സിസ്റ്റുകാർ ആ വീട്ടിൽ ചെന്നു. ആ ഇന്ദ്രകുമാറിന്റെ നേതൃത്വത്തിലാണ് അങ്ങയുടെ പാർട്ടിയിൽപ്പെട്ട ആളുകൾ ഇത്രയും കാര്യങ്ങൾ ഇവിടെ നടത്തിയിരിക്കുന്നത്. ഇത്രയും രൂക്ഷമായ സംഭവം ഈ തലസ്ഥാന നഗരിയിൽ ഉണ്ടായിട്ടും ബഹു. മുഖ്യമന്ത്രി കള്ളം പറയുന്നതെന്തിനാണ്? ഇത് ഭൂഷണമാണോ? ഓരോ സംഭവമുണ്ടാകുമ്പോഴും അങ്ങ് ന്യായീകരിക്കുന്നതുകൊണ്ടാണ് ഇത്തരം സംഭവങ്ങൾ ഉണ്ടാകുന്നത്. പാർട്ടി വൈരാഗ്യം തീർക്കുവാൻ, വ്യക്തി വൈരാഗ്യം തീർക്കുവാൻ രാഷ്ട്രീയ പാർട്ടി ഉപയോഗിക്കുക. അതിന് അങ്ങയുടെ പോലീസ് സംരക്ഷണം കൊടുക്കുക. ഇത് അതീവ ഗുരുതരമായ പ്രശ്നമാണ്. ഈ സംഭവം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ഇ.കെ. നായനാർ : സർ, ഒരു വസ്തുതർക്കത്തെ തുടർന്നുണ്ടായ അക്രമ സംഭവങ്ങളാണ് ഇന്നലെ വഞ്ചിയൂരും പരിസരപ്രദേശത്തും നടന്നത്. അതിനെ ആരും ന്യായീകരിക്കുന്നില്ല. പക്ഷേ തർക്കം രാഷ്ട്രീയമൊന്നുമല്ല. വസ്തുതർക്കങ്ങളും വാടകയ്ക്ക് വീട് കൊടുത്തത് വിട്ടു കിട്ടുന്നതുമായി

LIBRARY ARCHIVES Kerala Legislative Assembly

ബന്ധപ്പെട്ട തർക്കവുമാണ് ഉണ്ടായത്. വഞ്ചിയൂരും പരിസരപ്രദേശങ്ങളിലും ഉണ്ടായ സംഭവത്തിൽ ഉൾപ്പെട്ടവർക്ക് വ്യത്യസ്ത രാഷ്ട്രീയാഭിപ്രായമുണ്ട്. അത് നിങ്ങൾ തന്നെ ഇവിടെ പറഞ്ഞല്ലോ. പക്ഷേ ഇതിനെ ഒരു രാഷ്ട്രീയ സംഭവമായി ചിത്രീകരിക്കത്തക്കതല്ല. കേസന്വേഷണം ഊർജിതമായി നടത്തുന്നതാണ്. പ്രതികളെ ഉടനെ പിടി കൂടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബഹു. മെംബർ പറഞ്ഞ കുറ്റവാളികളെ നാലുപേരെയും അറസ്റ്റു ചെയ്തിട്ടുണ്ട്. അക്രമികൾക്കെതിരെ മുഖം നോക്കാതെ ശക്തമായ നടപടിയെടുക്കാൻ നിർദ്ദേശമുണ്ട്. ഒരു രാഷ്ട്രീയവും ഇതിൽ ഇല്ല. ഇത് വീട് വാടകയ്ക്ക് കൊടുക്കലും അതിൽ സംരക്ഷണം കൊടുക്കലുമാണ്. സംരക്ഷണം കൊടുക്കാത്ത പോലീസുകാരുടെമേൽ നടപടിയെടുക്കും. അതുകൊണ്ട് കുറ്റവാളികൾക്കെതിരെ രാഷ്ട്രീയം നോക്കാതെ നടപടിയെടുക്കാൻ പറഞ്ഞിട്ടുണ്ട്. സ്ഥലത്തെ ഉന്നത പോലീസ് ഉദ്യോഗസ്ഥന്മാർ അവിടെ സന്ദർശിച്ച് ആവശ്യമായ നടപടികൾ എടുത്തിട്ടുണ്ട്. ഹൈക്കോടതി പറഞ്ഞതനുസരിച്ച് പോലീസ് സംരക്ഷണം ശ്രീമതി മഹേശ്വരിക്ക് നൽകിയിട്ടുണ്ട്. ഇതിൽ എന്തെങ്കിലും വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ അത് അന്വേഷിച്ച്, ഇനി കൂടുതലായി എന്തെങ്കിലും നടപടിയെടുക്കണമെങ്കിൽ നടപടിയെടുക്കും. യാതൊരു വിട്ടു വീഴ്ചയും ഇതിൽ ചെയ്യില്ല. മഹേശ്വരി അമ്മയ്ക്ക് സംരക്ഷണം കൊടുത്തിട്ടുമുണ്ട്. അതാണ് സ്ഥിതി. ഈ വസ്തു തർക്കത്തിൽ കുറ്റവാളികളെ സംരക്ഷിക്കാനുള്ള യാതൊരു നടപടിയും സ്വീകരിക്കില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിര പ്രമേയത്തിന് ചെയർ അനുമതി നിഷേധിക്കുന്നു.

III. ശ്രദ്ധക്ഷണികൽ

1. സംസ്ഥാനത്തെ മത്സ്യ വ്യവസായം നേരിടുന്ന പ്രതിസന്ധി

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, മത്സ്യ വ്യവസായം ഇന്ന് നേരിടുന്ന ഗുരുതരമായ പ്രതിസന്ധിയിലേയ്ക്ക് ബഹു. സർക്കാരിന്റെയും ഈ സഭയുടെയും ശ്രദ്ധ ഞാൻ ക്ഷണിക്കുകയാണ്. ആയിരത്തോളം കോടി രൂപയുടെ കയറ്റുമതി കേരളത്തിൽ മാത്രമായി നടക്കുന്നു. ഈ വ്യവസായത്തിൽ ഏറ്റവും പ്രധാനപ്പെട്ട എല്ലാ ഘടകങ്ങളും ഈ വരുന്ന ഏപ്രിൽ 4-ാം തീയതി മുതൽ അടച്ചിടുമെന്ന മുന്നറിയിപ്പ് സർക്കാരിന് നൽകിയിരുന്നു. സീ ഫുഡ് എക്സ്പോർട്ടേഴ്സ് അസോസിയേഷൻ, ആൾ കേരളാ പ്രാൺസ് പീലിംഗ് അസോസിയേഷൻ, സീ ഫുഡ് ഏജന്റ്സ് അസോസിയേഷൻ, ഐസ് പ്ലാന്റ് അസോസിയേഷൻ, കേരളാ ട്രോളർ ബോട്ട് അസോസിയേഷൻ അങ്ങനെ ഈ രംഗത്ത്, മെക്കനൈസ്ഡ് ഫിഷിംഗ് രംഗത്ത് പ്രവർത്തിക്കുന്ന എല്ലാ വിഭാഗങ്ങളും ഒത്തൊരുമിച്ച് മന്ത്രിമാർക്ക് നിവേദനം നൽകിയിരിക്കുന്നു. നാലാം തീയതിക്കു മുമ്പായി അവരുടെ പ്രശ്നം പരിഹരിച്ചില്ലെങ്കിൽ അവർ അടച്ചിടുമെന്നാണ് പറയുന്നത്. മത്സ്യ കയറ്റുമതി ആരംഭിച്ചത് 1953-ലാണ് ഏകദേശം പത്തു ലക്ഷത്തോളം ആളുകൾക്ക് നേരിട്ടും അല്ലാതെയും തൊഴിൽ നൽകുന്ന തൊഴിൽ ദായകമേഖലയായി ഇത് വളർന്നിരിക്കുന്നു. പക്ഷേ കഴിഞ്ഞ കുറെ വർഷങ്ങളായി പ്രതികൂലമായ

(അദ്ധ്യക്ഷവേദിയിൽ പി. രാഘവൻ)

LIBRARY ARCHIVES Kerala Legislative Assembly